**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 443** **23-07-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ സാമൂഹിക വനവത്ക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ സാമൂഹിക വനവത്ക്കരണ പദ്ധതി കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ സാമൂഹിക വനവത്ക്കരണ പദ്ധതി കാര്യക്ഷമമാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 1. ഹരിതകേരള മിഷന്റെ ഭാഗമായി നടത്തിവരുന്ന എന്റെ മരം, നമ്മുടെ മരം തുടങ്ങിയ വൃക്ഷത്തൈ വിതരണ പരിപാടികൾ. 2. വഴിയോരത്തണൽ പദ്ധതിപ്രകാരം കൂടുതൽ പാതയോരങ്ങളിൽ വൃക്ഷവൽക്കരണം. 3. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി കൂടുതൽ സ്ഥാനപങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ. 4. തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ് മുഖാന്തിരം ചെറുവനങ്ങളുടെ മാതൃകയിൽ വിദ്യാവനങ്ങൾ സ്ഥാപിക്കൽ. 5. നഗരവനം പദ്ധതിയുടെ വ്യാപനം. 6. വനവിജ്ഞാന വ്യാപന പ്രക്രിയയുടെ ഭാഗമായി ക്ലാസ്സുകൾ, സെമിനാറുകൾ. 7. തീരം ഹരിതാഭമാക്കി സംരക്ഷിക്കുവാൻ കടലോരമേഖലയിൽ കാറ്റാടി നടുന്ന പരിപാടിയുടെ വ്യാപനം. 8. വേമ്പനാട് തണ്ണീർത്തട പരിപാലനം, പക്ഷി സംരക്ഷം, കടലാമസംരക്ഷണം തുടങ്ങിയ വിവിധങ്ങളായ പദ്ധതികൾ. 9. ഗാന്ധിവനം റിസർവ് ഏരിയയിൽ എക്കോടൂറിസം പദ്ധതിയുടെയും പള്ളിത്തോട് കേന്ദ്രീകരിച്ച് പക്ഷി സംരക്ഷണ പരിപാടികളുടെ സാധ്യത പ്രയോജനപ്പെടുത്തും. |
| (ബി) | കാവുകൾ സംരക്ഷിക്കുന്നതിനും തരിശായ പൊതുസ്ഥലങ്ങളിൽ ചെറിയ വനങ്ങൾ സൃഷ്ടിക്കുന്നതിനും കായലോരങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ബി) | 1. കാവ് സംരക്ഷണത്തിനായി ദീർഘകാല അടിസ്ഥാനത്തിൽ ഉടമകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. 2. സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബിന്റെ സഹായത്തോടെ ചെറു വനങ്ങളുടെ മാതൃകയിൽ വിദ്യാവനങ്ങൾ തയ്യാറാക്കി വരുന്നുണ്ട്. 3. വേമ്പനാട് വെറ്റ്-ലാന്റ് കൺസർവേഷൻ പദ്ധതിയുടെ ഭാഗമായി തണ്ണീർത്തടങ്ങളുടെ അരികിൽ മണ്ണൊലിപ്പ് തടയുന്നതിനായി രാമച്ചം വച്ചുപിടിപ്പിക്കുന്ന നടപടി |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ